No. 13/2016

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും സഹപട്ടക്കാരും ദേശത്തുപട്ടക്കാരും പള്ളി കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
ശുദ്ധീകരണത്തിന്റെയും ആത്മതപനത്തിന്റെയും സന്ദേശവുമായി വലിയ നോമ്പ് വന്നെത്തുകയാണല്ലോ. നമ്മുടെ രക്ഷകന്റെ മഹത്വകരമായ ഉയിർപ്പ് പെരുന്നാൾ ഉചിതമായി ആചരിക്കുവാനുള്ള ഒരുക്കത്തിന്റെ അവസരം കൂടിയാണ് ഈ നോമ്പ്. പരസ്പരമുള്ള ക്ഷമയുടെയും അനുരഞ്ജനത്തിന്റെയും പ്രതീകമായ ശുബ്ക്കോനോ ശുശ്രൂഷയിലൂടെയാണ് നാം നോമ്പിലേക്ക് പ്രവേശിക്കുന്നത്. സാത്താനോട് യുദ്ധം ചെയ്യുവാനുള്ള പ്രധാന ആയുധമായ നോമ്പ് ക്രിസ്തീയ ജീവിതത്തിന്റെ പൂർണ്ണതയിലേക്ക് നമ്മെ നയിക്കുവാൻ ഇടയാകണം. പ്രാർത്ഥനയും ഉപവാസവും ദാനധർമ്മവും നോമ്പിന്റെ അവിഭാജ്യ ഘടകങ്ങളും പൈശാചിക ശക്തിയെ വിജയിക്കുന്നതിനുള്ള മാർഗ്ഗങ്ങളുമാണ്. മോശയും ഏലിയായും നിനുവയിലെ ജനങ്ങളും നോമ്പിന്റെ ശക്തി തിരിച്ചറിഞ്ഞ് ദൈവീകാനുഗ്രഹങ്ങൾ പ്രാപിച്ചവരാണ്. ആയതിനാൽ, സ്വയം നിയന്ത്രണത്തിലൂടെയും പൂർണ്ണ സമർപ്പണത്തിലൂടെയും നിരപ്പിന്റെയും സ്നേഹത്തിന്റെയും ഔന്നത്യത്തിലേക്ക് വളരുവാൻ ശുദ്ധമുള്ള നോമ്പ് നമ്മെ സഹായിക്കട്ടെ. നമ്മുടെ വിശ്വാസികൾ എല്ലാവരും നിഷ്ഠയോടെ നോമ്പ് ആചരിക്കണം. ആയത് പരിശുദ്ധ സഭയുടെയും നമ്മുടെ ഭവനങ്ങളുടെയും അനുഗ്രഹത്തിന് മുഖാന്തിരമായിത്തീരുവാൻ പ്രാർത്ഥിക്കുന്നു.

വാത്സല്യമുള്ളവരേ, നമ്മുടെ പരുമല സെന്റ് ഗ്രീഗോറിയോസ് ഇന്റർനാഷണൽ കാൻസർ കെയർ സെന്റർ നിർമ്മാണം അതിവേഗം പുരോഗമിക്കുന്നു. 78 കോടി രൂപ ചെലവഴിച്ചുകഴിഞ്ഞു. പൂർത്തീകരണത്തിന് 50 കോടി രൂപയിലേറെ ഇനിയും ആവശ്യമുണ്ട്. സഭാംഗങ്ങളുടെ നിർലോപമായ സഹകരണംകൊണ്ടുമാത്രമേ ഈ ബൃഹത് പദ്ധതി പൂർത്തീകരിക്കാനാവുകയുള്ളൂ. അതുകൊണ്ട് വിശ്വാസികൾ തങ്ങളുടെ ഉപവാസമിച്ചവും വ്യക്തിപരമായ സംഭാവനകളും ബോണ്ടുകളും പരുമല കാൻസർ സെന്റർ നിർമ്മാണത്തിന് നൽകണമെന്നും ഓരോ ഇടവകയും വാർഷികബജറ്റിൽ ഗണ്യമായ ഒരു തുക കാൻസർ സെന്ററിനായി ഉൾക്കൊള്ളിച്ച് യഥാസമയം നൽകണമെന്നും നാം നിങ്ങളെ സ്നേഹപൂർവ്വം നിർബന്ധിക്കുന്നു.

കർത്താവിൽ പ്രിയരെ, ഈ വർഷം ദു:ഖവെള്ളിയാഴ്ചയും, വചനിപ്പ് പെരുന്നാളും ഒരേദിവസം വരുന്നതിനാൽ അത് എപ്രകാരം ആചരിക്കണമെന്ന് നാം നിങ്ങളെ അറിയിക്കുന്നു. വചനിപ്പുപെരുന്നാൾ ഏതുദിവസം വന്നിരുന്നാലും അത് മാറാനായ പെരുന്നാൾ ആയതിനാൽ അന്നേദിവസം വി. കുർബ്ബാന അർപ്പിക്കേണ്ടതും പെരുന്നാൾ ക്രമം അനുസരിച്ചുള്ള നമസ്കാരങ്ങൾ നടത്തേണ്ടതുമാണ്. വചനിപ്പിന്റെ പെങ്കീസാ നമസ്കാരമോ, അതല്ലെങ്കിൽ പൊതുവായ പെരുന്നാളുകൾക്ക് നടത്തുന്ന സ്ലീബാ നമസ്കാരമോ നടത്താവുന്നതാണ്. തലേദിവസം സന്ധ്യമുതൽ പിറ്റേദിവസം രാവിലെ വി. കുർബ്ബാന വരെയുള്ള നമസ്കാരങ്ങൾ വചനിപ്പ് പെരുനാളിന്റേത് ആയിരിക്കണം; കുമ്പിടീൽ ആവശ്യമില്ല. തുടർന്ന് ദു:ഖവെള്ളിയാഴ്ചയുടെ പ്രഭാത നമസ്കാരം മുതൽ തുടങ്ങി സ്ലീബാവന്ദനവും കബറടക്കവുമുൾപ്പെടെയുള്ള ശുശ്രൂഷകൾ നടത്തണം. പരിശുദ്ധ നോമ്പിൽ പതിവുള്ളതുപോലെ കുമ്പിടീലും നടത്തേണ്ടതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

2016 ജനുവരി മാസം 27 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**